(7) പാരമ്പര്യ വൈദ്യൻമാർക്ക് ചികിൽസയ്ക്ക് അർഹത നൽകുന്ന 1991-ലെ കേരള ബിൽ (ശ്രീ. സി. പി. ബാലൻ വൈദ്യർ നോട്ടീസ് നൽകിയത്)

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, പാരമ്പര്യ വൈദ്യൻമാർക്ക് ചികിൽസയ്ക്ക് അർഹത നൽകുന്ന 1991-ലെ കേരള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. രാഘവൻ: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ബില്ലിന് അവതരണാനുമതി നൽകി.

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, പാരമ്പര്യ വൈദ്യൻമാർക്ക് ചികിൽസയ്ക്ക് അർഹത നൽകുന്ന 1991-ലെ കേരള ബിൽ ഞാൻ അവതരിപ്പിക്കുന്നു.

(ചർച്ച തുടരും)

(8) 1991-ലെ കേരള ഹോട്ടൽ തൊഴിലാളി ക്ഷേമനിധി ബിൽ (ശ്രീ. എം. മുരളി നോട്ടീസ് നൽകിയത്)

ശ്രീ. എം. മുരളി: സർ, 1991-ലെ കേരള ഹോട്ടൽ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ബില്ലിന് അവതരണാനുമതി നൽകി.

ശ്രീ. എം. മുരളി: സർ, 1991-ലെ കേരള ഹോട്ടൽ തൊഴിലാളി ക്ഷേമനിധി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

(ചർച്ച തുടരും)

(9) 1996-ലെ കേരള മൽസ്യ വിതരണ തൊഴിലാളി ക്ഷേമനിധി ബിൽ (ശ്രീ. പി. വി. മുഹമ്മദ് നോട്ടീസ് നൽകിയത്)

ശ്രീ. പി. വി. മുഹമ്മദ്: സർ, 1996-ലെ കേരള മൽസ്യ വിതരണ തൊഴിലാളി ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ബില്ലിന് അവതരണാനുമതി നൽകി.

ശ്രീ. പി. വി. മുഹമ്മദ്: 1996-ലെ കേരള മൽസ്യ വിതരണ തൊഴിലാളി ക്ഷേമനിധി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു. ഇവയെ പറ്റിയുള്ള ചർച്ച പിന്നീട് തുടരുന്നതാണ്. ഇനി ബില്ലുകൾ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയങ്ങൾ.

(iii) ബില്ലുകൾ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയങ്ങൾ

(1) 1994-ലെ കേരള ബന്ദുകളും ഹർത്താലുകളും നിയന്ത്രണ ബിൽ

ശ്രീ. എം. എം. ഹസ്സൻ: 1994-ലെ കേരള ബന്ദുകളും ഹർത്താലുകളും നിയന്ത്രണ ബിൽ ഞാൻ അവതരിപ്പിക്കുന്നു. പ്രസ്തുത ബിൽ സർവ്വശ്രീ. വർക്കല രാധാകൃഷ്ണൻ, സി. കെ. ചന്ദ്രപ്പൻ, വി. സി. കബീർ, ടി. നാണുമാസ്റ്റർ, കെ. കൃഷ്ണൻകുട്ടി, എം. കെ. മുനീർ, സി. എഫ്. തോമസ്, പി. എം. മാത്യു, കെ. പി. രാമചന്ദ്രൻ നായർ, പാലോട് രവി, തമ്പാനൂർ രവി, ഡോ. കെ. സി. ജോസഫ്, ശ്രീമതി ശോഭനാ ജോർജ്, ശ്രീമതി കെ. ആർ. ഗൗരിയമ്മ, ശ്രീ. എം. എം. ഹസ്സൻ എന്നിവരടങ്ങിയ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും ഞാൻ അവതരിപ്പിക്കുന്നു. ബന്ദും ഹർത്താലും ജനങ്ങളുടെ പ്രതിഷേധം അറിയിക്കാനുള്ള സമര മാർഗ്ഗങ്ങളാണെന്നുള്ള ധാരണ ഇന്ന് പൂർണ്ണമായി മാറിയിരിക്കുകയാണ്. ബന്ദ് എന്നു പറഞ്ഞാൽ ഫലപ്രാപ്തിയെത്താത്ത, മുനയൊടിഞ്ഞ സമരമാർഗ്ഗമാണെന്ന് ഇടതുപക്ഷ ആശയങ്ങളെ പിന്തുണച്ചിരുന്ന ബിഷപ്പ് മാർ പൗലോസും ശ്രീ. വി. വി. രാഘവനും തൃശ്ശൂരിൽ പങ്കെടുത്ത യോഗത്തിൽ പറഞ്ഞു. നമ്മുടെ രാജ്യത്തെ എല്ലാ ആളുകളും അനാവശ്യമായിട്ടുള്ള ബന്ദുകളെ എതിർക്കുകയാണ്. ബന്ദ് നിരോധിക്കണമെന്ന് ഞാൻ പറയുന്നില്ല. ഇതിന് നിയന്ത്രണം വേണം. ജനങ്ങളുടെ ശക്തമായ പ്രതിഷേധം വന്നിരിക്കുന്നു. ബന്ദായാലും, ഹർത്താലായാലും, പ്രകടനമായാലും നിയന്ത്രണം ആവശ്യമാണ്. ഈ ഗവൺമെന്റ് കൊണ്ടുവന്ന ഒരു തീരുമാനം കോടതി റദ്ദാക്കിയെന്നു പറഞ്ഞു. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനു മുമ്പിലും, മെയിൻ റോഡിലും പ്രകടനം നിരോധിക്കേണ്ടതു ആവശ്യമാണ്. തിരുവനന്തപുരത്തു മാത്രം പോര കേരളത്തിലെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രകടനം നിയന്ത്രിക്കണം. രാഷ്ട്രീയ പാർട്ടികൾ പ്രകടനം നടത്തുമ്പോൾ ജനങ്ങളെ മുൻകൂട്ടി അറിയിച്ച് അവർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നടത്തണം. ജനങ്ങൾ ഇഷ്ടപ്പെടാത്ത ഒരു സമരമാർഗ്ഗവും ഒരു രാഷ്ട്രീയ പാർട്ടിക്കും അധികകാലം നടത്തിക്കൊണ്ടുപോകാൻ കഴിയുകയില്ല. ശ്രീ. വർക്കല രാധാകൃഷ്ണൻ നിയമം നിരോധിച്ച കാര്യം പറഞ്ഞു. പക്ഷെ ബന്ദും ഹർത്താലും പ്രകടനങ്ങളും നിരോധിക്കണമെന്ന അഭിപ്രായത്തോടെ കേരളത്തിലെ ജനങ്ങൾ പൂർണ്ണമായി യോജിക്കുകയാണ്. ഇത് ഗവൺമെന്റ് അംഗീകരിക്കണം. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണം. ഇതിന്റെ മുന്നോടിയായി എല്ലാ പഞ്ചായത്തുകളിലും പ്രകടനം നിരോധിക്കുന്നതിനുള്ള നിയമം കൊണ്ടുവരണമെന്നും ഞാൻ മന്ത്രിയോടെ അഭ്യർത്ഥിക്കുകയാണ്.

(ചർച്ച പൂർത്തിയായില്ല.)

LIBRARY ARCHIVES Kerala Legislative Assembly